15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450 — 02-02-2023 - ൽ മറുപടിയ്ക്ക്

## കിഫ്ബി വഴി സ്വരൂപിച്ച തുകയും നീക്കിയിരിപ്പും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി നാളിതുവരെ ഓരോയിനത്തിലും എത്ര തുക സ്വരൂപിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കിഫ്ബി നാളിതുവരെ വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | കിഫ്ബി മുഖേന നാളിതുവരെ വിവിധ പദ്ധതികൾക്കായി എത്ര തുക യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിച്ചെലവ്, മറ്റിനങ്ങളിലെ ചെലവ് എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | അംഗീകാരം നൽകിയ പദ്ധതികളിലേക്കായി 22,941 കോടി രൂപ നാളിതു വരെ കിഫ്ബിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ പദ്ധതികളുടെ നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കുമായി 560.39 കോടി രൂപ സെന്റേജ് ചാർജ്ജ് ഇനത്തിൽ വിവിധ SPVകൾക്ക് നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള ചെലവ് കണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | കിഫ്ബിയിൽ നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; ഏതെല്ലാം ബാങ്കുകളിൽ എത്ര വീതം എന്ന കണക്ക് ലഭ്യമാക്കുമോ ഈ നീക്കിയിരിപ്പിൽ പ്രതിബദ്ധതാച്ചെലവ് എത്രയാണ്, അവശേഷിക്കുന്നത് എത്രയാണ്; വ്യക്തമാക്കുമോ; | (സി) | കിഫ്ബിയുടെ കൈവശം നിലവിൽ 7,229.06 കോടി രൂപയുണ്ട്. കോർപ്പസ് ഫണ്ടായി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 2,498.42 കോടി രൂപയും ചേർന്നതാണിത്. ഏതെല്ലാം ബാങ്കുകളിൽ ഈ തുക നിക്ഷേപിച്ചിരിക്കുന്നു എന്ന വിവരം അനുബന്ധം-3 ആയി ചേർക്കുന്നു. പദ്ധതികൾക്കായി വേണ്ടിവരുന്ന തുക, സെന്റേജ് ചർജ്ജ്, അഡ്മിനിസ്റ്റേറ്റീവ് ചെലവുകൾ, വായ്പ്പ തിരിച്ചടവുകൾ, ഡിഎസ്ആർഎ ഫണ്ട് എന്നീ പ്രതിബദ്ധതാ ചെലവുകൾക്കായി ഏകദേശം 3,583 കോടി രൂപ അടുത്ത 6 മാസത്തേക്കായി ആവശ്യമുണ്ട്. അവസാന ആശ്രയമെന്ന നിലയിൽ സൂക്ഷിച്ചു വരുന്ന കോർപ്പസ്സ് ഫണ്ട് ഒഴിച്ചു നിർത്തിയാൽ 1,147.25 കോടി രൂപ കിഫ്ബിയുടെ കൈവശം ശേഷിക്കുന്നുണ്ട്. അപ്രതീക്ഷമായി വരാറുള്ള വലിയ ഭൂമി ഏറ്റെടുക്കൽ പദ്ധതി (NHAI പദ്ധതികൾ പോലുള്ളവ) ചെലവുകൾ വഹിക്കുന്നതിനു ഈ തുക പര്യാപ്തമാണ്. |
| (ഡി) | കിഫ്ബി വഴി നാളിതുവരെ വിവിധയിനത്തിൽ എത്ര തുക കടമെടുത്തിട്ടുണ്ട്; ഇതിൽ എത്ര കടം തിരിച്ചടച്ചു; | (ഡി) | 31.01.2023 ലെ കണക്കുകൾ പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി 21,308.77 കോടി രൂപ |

| | | | |
|---|---|---|---|
| | ബാക്കി അടയ്ക്കാനുള്ള കടമെത്ര; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | | ഇതിനോടകം തന്നെ ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിൽ 17,677.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിനോടകം 779.32 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്; 16,897.95 കോടി രൂപ മുതൽ ഇനത്തിൽ തിരിച്ചടക്കുവാനുണ്ട്. |
| (ഇ) | കിഫ്ബി മുഖേനയെടുത്ത കടം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; നിലവിൽ ഈ കടം കൂടി ഉൾപ്പെടുത്തിയാണോ സംസ്ഥാനത്തിന്റെ പൊതുകടം കണക്കാക്കിയിട്ടുള്ളത്; ഈ കടം കൂടി ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ ആകെ കടം എത്രയാണ്; കണക്കുകൾ ലഭ്യമാക്കുമോ? | (ഇ) | കിഫ്ബി മുഖേനയെടുത്ത കടം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുന്നില്ല. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകളെ സംസ്ഥാനം അതിന്റെ പൊതുകടമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| Particulars | FY16 | FY17 | FY18 | FY19 | FY20 | FY21 | FY22 | FY23 | Total |
|---|---|---|---|---|---|---|---|---|---|
| Seed Capital from Government | 873.86 | 1,624.57 | - | - | - | - | - | - | 2,498.43 |
| Transfers from Government *(Share of MVT and Cess on petroleum, Grants etc as per KIIF Act)* | - | 729.53 | 1,042.64 | 1,600.68 | 2,200.00 | 2,172.86 | 2,390.14 | 2,469.69 | 12,605.54 |
| Fund Mobilisation from Market | - | - | 100.80 | 3,005.77 | 1,930.04 | 669.87 | 7,762.80 | 4,198.57 | 17,667.85 |
| From Repayment Projects | - | - | - | 484.01 | - | 154.63 | 123.51 | - | 762.15 |
| **Total** | **873.86** | **2,354.10** | **1,143.44** | **5,090.46** | **4,130.04** | **2,997.36** | **10,276.45** | **6,668.26** | **33,533.97** |

അനുബന്ധം -2

| സാമ്പത്തിക വർഷം | പദ്ധതികൾക്ക് നൽകിയ തുക (കോടി രൂപയിൽ) | സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകിയത് (കോടി രൂപയിൽ) |
|---|---|---|
| 2017 - 18 | 442.67 | 52.32 |
| 2018 - 19 | 1,069.00 | 85.20 |
| 2019 - 20 | 3,502.50 | 138.01 |
| 2020 - 21 | 5,484.81 | 119.71 |
| 2021 - 22 | 8,459.46 | 104.33 |
| 2022 – 23 (till 12-02-2023) | 3,982.56 | 60.82 |
| Total | 22,941.00 | 560.39 |

സെക്ഷൻ ഓഫീസർ

അനുബന്ധം-3

| Bank/Institution | Amount (in Rs. Cr.) |
|---|---|
| Treasury | 2,821.61 |
| Canara Bank | 1,207.94 |
| Union bank of India | 1,199.30 |
| State Bank of India | 295.96 |
| Bank of India | 150.33 |
| Bank of Baroda | 149.05 |
| Axis Bank | 107.90 |
| HDFC Bank | 97.36 |
| Kotak Mahindra Bank | 85.86 |
| Indian Bank | 74.52 |
| ICICI Bank | 49.43 |
| Bank of Maharashtra | 40.64 |
| Corporation Bank | 15.08 |
| Syndicate Bank | 8.42 |
| Syndicate Bank | 3.06 |
| Punjab National Bank | 0.04 |
| Mutual Funds | 600.00 |
| Government Securities | 322.55 |
| **Total** | **7,229.06** |

തോമസ് ഐസക്